നമ്പർ: E5-21691/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
Pin- 695 033. Ph: 0471- 2306040
**email: swdkerala@gmail.com**
തീയതി : 2.8.2017

അപ്പലേറ്റ് അതോറിറ്റി.

ശ്രീ. ഫ്രാൻസിസ് ബാബു. കെ.ജി
പ്രൊബേഷൻ ആഫീസർ ഗ്രേഡ് I,
പ്രൊബേഷൻ ഓഫീസ്, പാലക്കാട്.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - വിവരാവകാശ നിയമം 2005- അപ്പീൽ - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: 1) താങ്കളുടെ 19.5.17ലെ അപേക്ഷ.
2) ഈ കാര്യാലയത്തിലെ 8.6.17ലെ ഇതേ നമ്പർ കത്ത്.
3) താങ്കളുടെ 6.7.17ലെ അപ്പീൽ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിയ്ക്കുന്നു. സൂചന (3) പ്രകാരം താങ്കൾ സമർപ്പിച്ച അപ്പീലിനുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. ഈ കാര്യാലയത്തിലെ 1.6.12ലെ ഇ5-46448/11 നമ്പർ കത്തിൽ പ്രതിപാദിക്കുന്ന "സ്ത്രീജനങ്ങളെ" സംബന്ധിച്ചും അവരുടെ പരാതികളെ കുറിച്ചും, അച്ചടക്ക നടപടി ഫയലിൽ ഇത് സംബ്ധിച്ചുള്ള രേഖകളുടെയും വിവരങ്ങളുടെയും പകർപ്പുകൾ എന്നിവ നൽകുവാനാണ് സൂചന (1) ലെ അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിൽ താങ്കൾ ആവശ്യപ്പെട്ടിരുന്നത്. താങ്കൾക്കെതിരെയുള്ള പദ്ധതിയിൻമേൽ അന്വേഷണം നടത്തി സാമൂഹ്യനീതി ഡയറക്ടറേറ്റിലെ അസി.ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ഓഫീസിൽ പരാതിയുമായി വരുന്ന സ്ത്രീകളുടെ സംഭാഷണം ഐപോഡ് ഉപയോഗിച്ച് റെക്കോഡ് ചെയ്ത് എതിർ കക്ഷിയേയും വക്കീലിനെയും അറിയിച്ച സംഭവങ്ങളുണ്ടായിട്ടുള്ളതായി വിമൻ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി. താഹിറ അറിയിച്ചതായി സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരാമർശമല്ലാതെ സ്ത്രീകളെ കുറിച്ചോ അവരുടെ പരാതികളെ കുറിച്ചോ മറ്റ് വിവരങ്ങളോ അവയുടെ പകർപ്പുകളോ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിലില്ല. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

db@17

2. ശ്രീമതി. താഹിറാബീവിയുമായി സംസാരിച്ച വിവരങ്ങൾ അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതല്ലാതെ ടിയാളുടെ മൊഴി രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റോ മറ്റ് രേഖകളോ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടില്ല.

3. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ പരാതിയുമായി വരുന്ന സ്ത്രീകളുടെ സംഭാഷണങ്ങൾ ഐപോഡിൽ റെക്കോർഡ് ചെയ്ത് എതിർ കക്ഷികളെയും വക്കീലിനെയും അറിയിച്ചതായി വിമൻ പ്രൊട്ടക്ഷൻ ഓഫീസർ താഹിറ പറഞ്ഞു എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് മറ്റ് രേഖകളൊന്നും ലഭ്യമല്ല.

4. എതിർകക്ഷി വക്കീൽ, സ്ത്രീജനങ്ങൾ എന്നിവരുടെ പേര് വിവരങ്ങളോ ഇതുമായി ബന്ധപ്പെട്ട് തൃശ്ശൂർ മജിസ്ട്രേറ്റ് കോടതിയിൽ കേസുണ്ടായിരുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളോ രേഖകളോ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിലോ അച്ചടക്ക നടപടി ഫയലിലോ ലഭ്യമല്ല.

5. AUDIO FILE ഈ കാര്യാലയത്തിൽ ലഭ്യമല്ല.

വിശ്വസ്തതയോടെ,

പ്രീത എസ്.നായർ
അപ്പലേറ്റ് അതോറിറ്റി &
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

db@17